# ചരമവാർഷികം

വന്ദ്യ വൈദികരെ, സന്ന്യസ്തരെ, വത്സല മക്കളെ,

നമ്മുടെ രൂപതയുടെ പ്രഥമ തദ്ദേശീയ മെത്രാനായിരുന്ന അഭിവന്ദ്യ ജെറോം പിതാവിന്റെ 24-ാം ചരമവാർഷികം ഫെബ്രുവരി 27 ശനിയാഴ്ച വൈകിട്ട് 4.30 ന് കത്തീഡ്രൽ ദേവാലയത്തിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന വിവരം എല്ലാവരെയും അറിയിക്കുകയാണ്. രൂപതയുടെ സമഗ്ര വികസനത്തിന് അടിത്തറ പാകി 41 വർഷത്തോളം ത്യാഗസമ്പന്നമായ ശുശ്രൂഷ ചെയ്ത പുണ്യശ്ലോകനായ പിതാവിനെ എക്കാലവും നന്ദിനിറഞ്ഞ ഹൃദയത്തോടെ അനുസ്മരിക്കുക നമ്മുടെ കടമയാണ്. പിതാവിന്റെ അജപാലന ശുശ്രൂഷ എന്നും നമുക്കു മാതൃകയും പ്രചോദനവുമാണ്. രൂപതയിൽ നാം കാണുന്ന എല്ലാ പുരോഗതിയും പിതാവിന്റെ ദീർഘവീക്ഷണവും കഠിനമായ അദ്ധ്വാനത്തിന്റെയും സ്ഥിരോത്സാഹത്തിന്റെയും ഫലമാണെന്നതിൽ സംശയമില്ല. അദ്ദേഹത്തിന്റെ പാവനസ്മരണ രൂപതാസമൂഹത്തിൽ എന്നും സജീവമാക്കാൻ ആണ്ടുതോറുമുള്ള ചരമവാർഷികം സമുചിതമായി ആചരിക്കാൻ ആഗ്രഹിക്കുന്നു. എല്ലാവർഷവും നടത്തുന്ന പദയാത്ര അല്പംകൂടി വിപുലീകരിച്ച് നടത്താൻ താല്പര്യമുണ്ട്. എല്ലാവരും സഹകരിക്കുമെങ്കിൽ അതു വൻ വിജയമാക്കാനും സാധിക്കും.

ഫെബ്രുവരി 8-നു കൂടിയ വൈദികരുടെയും അല്മായരുടെയും സമ്മേളനത്തിൽ താഴെപ്പറയുന്ന രീതിയിൽ പദയാത്ര സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പിതാവിനോടുള്ള നമ്മുടെ കടപ്പാടും നന്ദിയും ഈ എളിയ പ്രകടനം വഴി നടത്തുവാൻ സാധിക്കുമെന്നു കരുതുന്നു.

ഫെബ്രുവരി 27 ശനിയാഴ്ച രാവിലെ 8 മണിക്ക് ജന്മനാടായ കോയിവിള ഇടവകയിൽ നിന്നും യുവജന നേതൃത്വത്തിൽ പദയാത്ര ആരംഭിക്കും. പദയാത്ര സംഘടിപ്പിക്കുന്ന യുവജനങ്ങൾക്കു പുറമെ ഇടവക ജനങ്ങളും അവരെ അനുഗമിച്ച് തൊട്ടടുത്ത ഇടവകവരെ പോകേണ്ടതാണ്; പദയാത്ര കടന്നുപോകുന്ന എല്ലാ ഇടവകകളിലും പദയാത്രയ്ക്ക് സമുചിതമായ സ്വീകരണം നല്കേണ്ടത് ഇടവകവികാരിമാരും ഇടവക സമൂഹവുമാണ്. മറ്റൊരു ഇടവകവരെ അവരെ അനുഗമിക്കുന്നത് വളരെ പ്രോത്സാഹജനകമായ സഹകരണമായിരിക്കും. എല്ലാവരും ആത്മാർത്ഥമായി സഹകരിച്ച് പദയാത്ര വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പദയാത്രയുടെ റൂട്ട് താഴെപ്പറയുന്നതാണ്. കോയിവിള, പാവുമ്പ, തെക്കുംഭാഗം, നീണ്ടകര, ശക്തികുളങ്ങര, പൂവമ്പഴ, ഹൈസ്കൂൾ ജംഗ്ഷൻ, തുയ്യം, ചിന്നക്കട, തോപ്പ്, പോർട്ടുകൊല്ലം, മൂതാക്കര, വാടി.

വാടി പള്ളി അങ്കണത്തിലെത്തുന്ന പദയാത്രയിലെ വിശ്വാസികളും രൂപതയുടെ വിവിധ ഇടവകകളിൽ നിന്നുവരുന്ന മറ്റു വിശ്വാസികളും ഒന്നിച്ച് 4 മണിയോടുകൂടി പദയാത്ര പുനരാരംഭിച്ച് ഹോളിക്രോസ് തങ്കശ്ശേരി വഴി ഇൻഫന്റ് ജീസസ് കത്തീഡ്രലിൽ 4.30 ഓടുകൂടി എത്തിച്ചേർന്ന് അഭിവന്ദ്യ രൂപതാദ്ധ്യക്ഷന്റെ കാർമ്മികത്വത്തിലുള്ള സമൂഹബലിയിൽ പങ്കുകൊള്ളേണ്ടതാണ്. രൂപതയിലെ എല്ലാ ഇടവക വികാരിമാരും ഭക്തസംഘടനാ അംഗങ്ങളും ബി.സി.സി. കുടുംബയൂണിറ്റുകളിൽ നിന്നും പ്രതിനിധികളും എല്ലാ മഠങ്ങളിലും സ്ഥാപനങ്ങളിലുമുള്ള പ്രതിനിധികളും വാടി പള്ളിയങ്കണത്തിൽ നിന്നുള്ള പദയാത്രയിലും തുടർന്നുള്ള സമൂഹബലിയിലും പങ്കെടുക്കണമെന്ന് ഏറെ താല്പര്യപ്പെടുന്നു. ഏവരും സഹകരിച്ച് നമ്മുടെ എളിയ പ്രവർത്തനങ്ങൾ വിജയിപ്പിക്കണമെന്നും. രൂപതയ്ക്ക് പിതാവിനോടുള്ള നന്ദിയും കടപ്പാടും വ്യക്തമാക്കണമെന്നും താല്പര്യപ്പെടുന്നു.

എല്ലാവർക്കും നോമ്പുകാലത്തിന്റെ ദൈവാനുഗ്രഹങ്ങളും എളിയ പ്രാർത്ഥനകളും നേർന്നുകൊണ്ട്

ഈശോ മറിയത്തിൽ,

✠ **സ്റ്റാൻലി റോമൻ**
**കൊല്ലം മെത്രാൻ**

**11-02-2016**

***NB:** ഈ കത്ത് 2016 ഫെബ്രുവരി 21-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിച്ച് ഇടവക സമൂഹത്തെ ഈ പുണ്യകർമ്മത്തിൽ പങ്കാളികളാക്കണമെന്നും അറിയിക്കുന്നു.*